# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ജൂൺ 24, ബുധൻ

**നമ്പർ 10**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

മുൻ സർക്കാർ നടപ്പിലാക്കാതെ മരവിപ്പിച്ച പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കാനുള്ള സർക്കാർ തീരുമാനം പൊതുസമൂഹത്തിൽ ഉളവാക്കിയിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. പ്രസാദും മറ്റ് രണ്ടംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൃക്കാക്കരയിൽ അനുഭവപ്പെടുന്ന രൂക്ഷമായ പ്രശ്നങ്ങളിലേയ്ക്ക് ശ്രീമതി ഉമ തോമസ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ പ്രധാന റോഡുകൾ ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നിർത്തിവച്ചിരിക്കുന്നത് മൂലം ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയിലേയ്ക്ക് ശ്രീ. പി. പ്രസാദ് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുമരാമത്ത് വകുപ്പ് മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 1083/2026

<u>സ്പീക്കറുടെ റൂളിംഗ്:</u>

നിയമസഭാ സാമാജികർ സഭാനടപടികളിൽ പങ്കെടുക്കുമ്പോൾ സമയക്ലിപ്തത പാലിക്കേണ്ടതാണ് എന്ന വിഷയത്തിന്മേൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"അംഗങ്ങൾ സമയക്ലിപ്തത പാലിക്കാത്തതുമൂലം സഭാനടപടികൾ അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ സഭ നിർത്തിവെയ്ക്കാനുള്ള ഉപക്ഷേപാവതരണം, ആദ്യ വാക്കൗട്ട് പ്രസംഗം എന്നിവയ്ക്ക് 10 മിനിറ്റ് വീതവും സബ്മിഷൻ, മറുപടി എന്നിവയ്ക്ക് 4 മിനിറ്റും മാത്രം വിനിയോഗിക്കണമെന്നും ഓരോ അംഗവും അനുവദിച്ച സമയപരിധിയിൽ പ്രസംഗം അവസാനിപ്പിക്കണമെന്നും ചെയർ നിർദ്ദേശിക്കുന്നു."

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1. | ശ്രീ. നജീബ് കാന്തപുരം | പ്രവാസി ക്ഷേമ പെൻഷൻ വർധിപ്പിക്കാൻ നടപടി | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. ജി. സ്റ്റീഫൻ | വിതുര ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 3. | ശ്രീ. റോണി കെ. ബേബി | കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ വട്ടകനാമല കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി | ബഹു. ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 4. | ശ്രീ. കാരായി രാജൻ | തലശ്ശേരി ജനറൽ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| 5. | ശ്രീ. കെ. രാജൻ | വനം വകുപ്പിലെ ആർ ആർ ടി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി കാട്ടാന ശല്യം തടയാൻ നടപടി | ബഹു. വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6. | ശ്രീ. എം. എം. നസീർ | കൊട്ടാരക്കര താലൂക്ക് വിഭജിച്ച് ചടയമംഗലം മണ്ഡലത്തിൽ പുതിയ താലൂക്ക് ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് | ബഹു. റവന്യൂ വകുപ്പ് മന്ത്രി |
| 7. | ശ്രീ. സജീവ് ജോസഫ് | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ലാപ്ടോപ്പുകളും മറ്റ് ഐ.ടി. അനുബന്ധ സൗകര്യങ്ങൾക്കുമായി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്. | ബഹു. പൊതുവിദ്യാഭ്യാസ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി |
| 8. | ഡോ. മാത്യു കുഴൽനാടൻ | മാതൃത്വ ആനുകൂല്യ (ഭേദഗതി) നിയമം, 2017 പ്രകാരമുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച് | ബഹു. തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി |
| 9. | ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ | കിഫ്ബി മുഖേന നടപ്പാക്കുന്ന എയർപോർട്ട് ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 10. | ശ്രീ. എം. വിജിൻ | കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിങ് ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | ബഹു. മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണനന:

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ധനകാര്യം :

2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ടോണി ചമ്മണി

ശ്രീ. എൻ. കെ. അക്ബർ

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. സി. അജയപ്രസാദ്

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. കെ. ബിനിമോൻ

ശ്രീമതി ഉഷ വിജയൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എ. ഡി. തോമസ്

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. കെ. എൻ. ബാലഗോപാൽ

2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിച്ച പൊതുചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ബഹു: മുഖ്യമന്ത്രി മറുപടി പറഞ്ഞു.

ചട്ടങ്ങൾ സസ്പെൻഡ് ചെയ്യുന്നതിനുള്ള ഉപക്ഷേപം:

ബഹു: മുഖ്യമന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142, 236 എന്നിവ പൂർണമായും 143 ഭാഗികമായും

താൽക്കാലികമായി സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. സഭ ഉപക്ഷേപം അംഗീകരിച്ചു.

2026 ജൂൺ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.31- ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,
*സെക്രട്ടറി-ഇൻ-ചാർജ്.*

1083/26

# SIXTEENTH KERALA LEGISLATIVE ASSEMBLY

**First Session**

# BULLETIN - PART I

(Brief Record of Proceedings)

*Wednesday, June 24, 2026*

**No.10**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50) :*

Shri P. Prasad and two other members had given notice for an adjournment motion to discuss the concern of public over the Government's decision to form a cabinet sub-committee for implementing the PM SHRI scheme in the State, which the previous Government had shelved. On the ground of the explanation from the Minister for General Education & Minority Affairs, the Speaker denied leave to present the motion for adjournment.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Smt. Uma Thomas called the attention of the Chief Minister to the severe problems being experienced in Thrikkakara relating to the second phase construction work of Kochi Metro. The Chief Minister made a statement in this regard.

2. Shri P. Prasad called the attention of the Minister for Public Works to the crisis reported to have arised due to the stoppage of construction and maintenance works of various roads, including major roads in the State. The Minister for Public Works made a statement in this regard.

*Ruling by the Speaker:*

The Speaker gave the following ruling that Members of the Legislative Assembly should strictly adhere to their allotted time limits while speaking in the House.

"അംഗങ്ങൾ സമയക്ലിപ്തത പാലിക്കാത്തതുമൂലം സഭാനടപടികൾ അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ സഭനിർത്തിവെയ്ക്കാനുള്ള ഉപക്ഷേപാവതരണം, ആദ്യ വാക്കൗട്ട് പ്രസംഗം എന്നിവയ്ക്ക് 10 മിനിറ്റ് വീതവും സബ്മിഷൻ, മറുപടി എന്നിവയ്ക്ക് 4 മിനിറ്റും മാത്രം വിനിയോഗിക്കണമെന്നും ഓരോ അംഗവും അനുവദിച്ച സമയപരിധിയിൽ പ്രസംഗം അവസാനിപ്പിക്കണമെന്നും ചെയർ നിർദ്ദേശിക്കുന്നു."

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1. | ശ്രീ. നജീബ് കാന്തപുരം | പ്രവാസി ക്ഷേമ പെൻഷൻ വർധിപ്പിക്കാൻ നടപടി | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. ജി. സ്റ്റീഫൻ | വിതുര ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 3. | ശ്രീ. റോണി കെ. ബേബി | കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ വട്ടുകുന്നാമല കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി | ബഹു. ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 4. | ശ്രീ. കാരായി രാജൻ | തലശ്ശേരി ജനറൽ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| 5. | ശ്രീ. കെ. രാജൻ | വനം വകുപ്പിലെ ആർ ആർ ടി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി കാട്ടാന ശല്യം തടയാൻ നടപടി | ബഹു. വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി |
| 6. | ശ്രീ. എം. എം. നസീർ | കൊട്ടാരക്കര താലൂക്ക് വിഭജിച്ച് ചടയമംഗലം മണ്ഡലത്തിൽ പുതിയ താലൂക്ക് ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് | ബഹു. റവന്യൂ വകുപ്പ് മന്ത്രി |
| 7. | ശ്രീ. സജീവ് ജോസഫ് | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ലാപ്ടോപ്പുകളും മറ്റ് ഐ.ടി. അനുബന്ധ സൗകര്യങ്ങൾക്കുമായി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്. | ബഹു. പൊതുവിദ്യാഭ്യാസ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി |
| 8. | ഡോ. മാത്യു കുഴൽ നാടൻ | മാതൃത്വ ആനുകൂല്യ (ഭേദഗതി) നിയമം, 2017 പ്രകാരമുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച് | ബഹു. തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി |
| 9. | ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ | കിഫ്ബി മുഖേന നടപ്പാക്കുന്ന എയർപോർട്ട് ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 10. | ശ്രീ. എം. വിജിൻ | കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിങ് ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | ബഹു. മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

Second report of the Business Advisory Committee was presented.

*Consideration of Reports:*

The House adopted Second report of the Business Advisory Committee.

*Financial Business:*

The General discussion on the Revised Budget for the financial year 2026-27 has been resumed. The following Members took part in the discussion.

Shri Tony Chammani

Shri N. K. Akbar

Smt. Fathima Thahiliya

Shri C. Ajaya Prasad

Shri Mani C. Kappen

Shri Thomas Unniyadan

Shri K. Binimon

Smt. Usha Vijayan

Shri C. V. Santhakumar

Shri A. D. Thomas

Shri Parakkal Abdulla

Shri Chandy Oommen

Shri K. N. Balagopal

The Chief Minister replied to the points raised during the General Discussion on the Revised Budget for the financial year 2026-27.

*Motion to Suspend the Rules:*

The Chief Minister moved a motion to suspend temporarily Rules 142 and 236 completely, and Rule 143 partially of the Rules of Procedure and Conduct of Business in Kerala Legislative Assembly. The House adopted the motion.

The House adjourned at 3.31 p.m. to meet again at 9.00 a.m. on Monday, June 29, 2026.

SHAJI C. BABY,

*Secretary-in-Charge.*